# 'കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുക'

സങ്കീർത്തനങ്ങൾ 121:1–2

''ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു; എനിക്ക് സഹായം എവിടെനിന്നു വരും? എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽ നിന്നു വരുന്നു.''

നമുക്കെല്ലാവർക്കും വളരെ സുപരിചിതവും അനേകം തവണ വായിച്ച് മന:പാഠമാക്കിയതുമായ ഈ വചനത്തിന്റെ അർഥം ജീവിതത്തിൽ ഏറ്റെടുത്തവരാണോ നമ്മൾ? അങ്ങനെയാണെങ്കിൽ നമ്മുടെ ജീവിതത്തിൽ ഭാരങ്ങളും, പ്രയാസങ്ങളും വരുമ്പോൾ നമ്മൾ ചഞ്ചലപ്പെട്ടു പോവില്ല, പ്രത്യാശയറ്റു പോവില്ല, വിശ്വാസം പരീക്ഷിക്കപ്പെടുകയില്ല. ഇന്നു നമ്മളെല്ലാവരും സഹായത്തിനായിട്ട് ഉയരങ്ങളിലേക്ക് നോക്കുന്നത് അവസാനത്തെ മാർഗ്ഗമായിട്ടാണ്. പല വാതിലുകളിലും മുട്ടി, പലരുടെയും അടുത്ത് യാചിച്ച്, പലരുടെയും ശുപാർശ തേടി എല്ലാവരും കൈവിട്ട് കഴിയുമ്പോൾ പതിയെ മുകളിലേക്ക് നോക്കും. ദൈവമേ ഇനി എന്ത്? നീ മാത്രമേ ഇനി സഹായത്തിനുള്ളൂ. പക്ഷെ ആദ്യം നമ്മുടെ ദൃഷ്ടികൾ ഉയരേണ്ടത് ഉന്നതങ്ങളിൽ നമ്മുടെ പിതാവിന്റെ അടുക്കലേക്കാണ്, കാരണം ''മനുഷ്യരിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്.'' അവന്റെ മുഖത്തേക്ക് നോക്കിയവരാരും ലജ്ജിച്ചു പോയിട്ടില്ല.

''അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല.'' –
സങ്കീർത്തനങ്ങൾ 34:5

അവനെ ഒന്നു നോക്കിയാൽ, അവന്റെ മുൻപിലേക്ക് ഒന്നു ചെല്ലുവാൻ സമയം കണ്ടെത്തിയാൽ നിന്റെ എല്ലാ ഭാരവും അവന്റെ ചുമലിൽ വഹിച്ച് നമ്മെ ഉള്ളംകൈയ്യിൽ പരിപാലിക്കുന്ന ഒരു സ്വർഗ്ഗീയ താതന്റെ സ്നേഹം രുചിച്ചറിയാൻ സാധിക്കും. പക്ഷെ അതിനു നമ്മൾ തയ്യാറാകണം.

ഒരു വൈദികൻ തന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞ ഒരു കഥയോർത്ത് പോകുകയാണ്. ഒരിക്കൽ അനേക നിലകളുള്ള ഒരു കെട്ടിടത്തിന്റെ മുകളിൽ ജോലിചെയ്യുകയായിരുന്ന ഒരു ജോലിക്കാരൻ താഴെ നിൽക്കുന്ന ഒരുവനെ എന്തോ ആവശ്യത്തിനായി വിളിക്കുകയാണ്. എത്ര വിളിച്ചിട്ടും കേൾക്കുന്നില്ല. ഒടുവിൽ തന്റെ കൈവശം ഉണ്ടായിരുന്ന ഒരു 5 രൂപാ തുട്ട് താഴേക്കിട്ട് അയാളെ വിളിക്കാൻ ശ്രമിച്ചു. അതു കിട്ടിയ മാത്രയിൽ അത് എവിടെ നിന്ന്

വന്നു എന്നു പോലും നോക്കാതെ ഇടംവലം നോക്കി ആരും കാണുന്നില്ല എന്നു ഉറപ്പു വരുത്തി അത് എടുത്ത് തന്റെ പോക്കറ്റിൽ ഇട്ട് തന്റെ ജോലി തുടർന്നു. ഇതു മുകളിൽ നിന്നു കണ്ടുകൊണ്ടിരുന്ന ജോലിക്കാരൻ ഒരു ഇഷ്ടിക എടുത്ത് ഇനിയെങ്കിലും താഴെ നിൽക്കുന്നവൻ ഒന്നു നോക്കും എന്നു കരുതി അയാളുടെ തലയിലേക്ക് ഇട്ടു. അതു വീണ മാത്രയിൽ അയാൾ ദേക്ഷ്യത്തോടെ മുകളിലേക്ക് നോക്കി മുകളിൽ നിന്നവനോട് തന്റെ പരിഭവം പറഞ്ഞു.

ഈ കഥയുടെ അർഥം എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. നമ്മെ ഒരോരുത്തരെയും മുകളിൽ നിന്ന് ഒരുവൻ നിരന്തരം വിളിക്കുന്നുണ്ട്. പക്ഷെ അതു കേൾക്കാൻ ആർക്കും സമയമില്ല. കേട്ടാൽ തന്നെ നിൽക്കാൻ സമയമില്ല. എന്നാലും ഇടക്ക് വീണു കിട്ടുന്ന തുട്ടുകൾ പെറുക്കി കൂട്ടി പോക്കറ്റ് നിറക്കുമ്പോൾ അതു തന്നവനെ നാം മറന്നു പോകുന്നു, തിരിഞ്ഞു നോക്കാൻ മറന്നു പോകുന്നു. അങ്ങനെയെങ്കിൽ തീർച്ചയായും ഒരു ഇഷ്ടിക നിന്നെയും കാത്തിരിപ്പുണ്ട് എന്ന കാര്യം നാം മറന്നു പോകരുത്. കാരണം അവൻ നിന്നെ സ്നേഹിക്കുന്ന ഒരു ദൈവമാണ്. നിന്നെ വേദനിപ്പിക്കാനല്ല മറിച്ച് നിന്നെ സഹായിക്കാനാണ്, നിന്റെ ദൃഷ്ടി അവങ്കലേക്ക് ഒന്നു ഉയർത്തുവാനായിട്ടാണ്. അതു മനസ്സിലാക്കി അവനിലേക്ക് നമ്മുടെ ദൃഷ്ടി ഉയർത്താൻ പരിശ്രമിക്കാം. ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :
യെശയ്യാവു 26:3

സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ടു നീ അവനെ പൂർണ്ണസമാധാനത്തിൽ കാക്കുന്നു.

സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 001